# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യധാന്യസംഭരണം</u>

3155

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിക്കുന്നതിന് നിലവിലുള്ള സമ്പ്രദായം എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത് എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴി പെട്രോൾ / ഡീസൽ വില കുറച്ച് വിൽക്കാൻ നടപടി</u>

3156 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിൽ എത്ര പെട്രോൾ പമ്പുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഒരു ലിറ്റർ ഡീസൽ, പെട്രോൾ എന്നിവ വില്പന നടത്തുമ്പോൾ സപ്ലൈകോയ്ക്ക് എത്ര രൂപയാണ് ലാഭമായി ലഭിക്കുന്നത്;

(സി) സപ്ലൈകോയുടെ അധിക ലാഭം ഒഴിവാക്കി പെട്രോൾ, ഡീസൽ വിലയിൽ കുറവ് വരുത്തി ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ദിവസ വേതന/പീസ്റേറ്റ് പാക്കിംഗ് തൊഴിലാളികൾ</u>

3157 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ദിവസ വേതനക്കാരേയും പീസ്റേറ്റ് പാക്കിംഗ് തൊഴിലാളികളേയും പിരിച്ചുവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മുൻകാലങ്ങളിലേതുപോലെ ഓണം ഫെസ്റ്റിവൽ അലവൻസ് നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) ദിവസവേതനത്തിന് ജോലിചെയ്യുന്ന തൊഴിലാളികളുടെ വേതനം 125 ൽ നിന്നും 200 രൂപയായി വർദ്ധിപ്പിച്ചത് പീസ്റേറ്റ് തൊഴിലാളികൾക്കും ബാധകമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇ-ടെണ്ടർ</u>

3158 ശ്രീ.റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇ-ടെണ്ടർ അട്ടിമറിക്കാനായി ശ്രമം നടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ കർശന നടപടിയെടുക്കുമോ ;

(സി) കോർപ്പറേഷന്റെ കഴിഞ്ഞ വർഷങ്ങളിലെ പർച്ചേയ്സ് നടപടികളെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കരിമ്പട്ടികയിൽപ്പെട്ടവർ കോർപ്പറേഷന്റെ പർച്ചേസ് ഇടപാടുകളിൽ കടന്നുകൂടാതിരിക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

ഓണക്കാല സബ്സിഡി

3159 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് സപ്ലൈക്കോയ്ക്ക് സബ്സിഡി ഇനത്തിൽ എത്ര രൂപ അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഓണം സീസണിൽ എത്ര രൂപയുടെ വില്പന നടക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്തുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ നിയമനം</u>

3160

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ എത്ര ജീവനക്കാരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നത്;

(ബി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് കഴിഞ്ഞ അഞ്ചുവർഷമായി എത്ര കോടി രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്ന സപ്ലൈ കോ ജീവനക്കാരുടെ നിരന്തര ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി ഡെപ്യൂട്ടേഷന് താല്പര്യമില്ലാത്ത ജീവനക്കാരെ നിർബന്ധമായും ഡെപ്യൂട്ടേഷനിൽ വിടുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പി.എസ്.സി.യിൽ നിന്ന് നിയമിതരായ എ.എസ്.എം.മാരെ സീനിയോററിറ്റിയുടെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകി മാനേജർമാരായി നിയമിച്ച് സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ:

(എഫ്) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ യാതൊരു പരിചയവും ഇല്ലാത്ത ജീവനക്കാരെ നിയമിക്കുന്നതിനു പകരം സ്ഥിരം ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എ. പി. എൽ/ബി. പി. എൽ റേഷൻ കാർഡുകൾ</u>

3161 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയതായി അനുവദിച്ച റേഷൻ കാർഡുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) അതിൽ ബി. പി. എൽ/എ. പി. എൽ കാർഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ബി. പി. എൽ/എ. പി. എൽ നിർണ്ണയത്തിലെ അപാകതകൾ

3162 കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തെറ്റായ വിവരം രേഖപ്പെടുത്തിയതുമൂലം ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ പരാതി പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടറെ അധികാരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>റേഷൻ കടകളിലൂടെ കൂടുതൽ ഭക്ഷ്യവസ്തുക്കൾ നൽകാൻ നടപടി</u>

3163 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാവപ്പെട്ടവർക്കും പാരമ്പര്യ തൊഴിലാളികൾക്കും കൂടുതൽ ഭക്ഷ്യവസ്തുക്കൾ റേഷൻ കടകളിലൂടെയും മറ്റ് പൊതുവിപണന ശൃംഖലകളിലൂടെയും വിതരണം ചെയ്യുന്നതിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

രണ്ടു രൂപ നിരക്കിലുള്ള അരിവിതരണം

3164 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ.കെ. വി. വിജയദാസ്
,, പി. റ്റി. എ. റഹീം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി അരിയോടൊപ്പം എന്തെല്ലാം സാധനങ്ങളാണിപ്പോൾ വിതരണം ചെയ്തുവരുന്നതെന്നും നിരക്കെത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത പദ്ധതിക്ക് അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നുവോ ; എങ്കിൽ അത് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>റേഷൻകടകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ</u>

3165 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ മുഖേന ലഭ്യമാക്കുന്ന സാധനങ്ങളുടെ വില വിവരം കടകളിൽ എഴുതി പ്രദർശിപ്പിക്കുന്നതിന് നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) റേഷൻ കടകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം ഇപ്പോഴും സാധാരണക്കാരിൽ എത്തുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പുതുതായി നൽകിയ റേഷൻ കാർഡുകൾ

3166 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര ബി. പി. എൽ, എ. പി. എൽ കാർഡുടമകളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ റേഷൻ കാർഡുകളാണ് എ. പി. എൽ., ബി. പി. എൽ വിഭാഗങ്ങളിൽ നൽകിയത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡിനായുള്ള എത്ര അപേക്ഷകളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ റേഷൻ കാർഡു വിതരണം</u>

3167 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റേഷൻ കാർഡു വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളിലെല്ലാം തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഒരു രൂപ, രണ്ടു രൂപ നിരക്കിലുള്ള അരി വിതരണം</u>

3168

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്കും ഒരു രൂപ അരി ലഭ്യമാക്കുമോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഈ അരി ലഭ്യമാകും; വിശദാംശങ്ങൾ നൽകാമോ;

(ബി) ഒരു രൂപ, രണ്ടു രൂപ നിരക്കിലുള്ള അരി വിതരണത്തിനായി മാസത്തിൽ എത്ര രൂപയുടെ ബാദ്ധ്യത വരും; വിശദാംശങ്ങൾ നൽകാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ ഒരു ദിവസത്തെ വേതനം കൊണ്ട് ബി.പി.എൽ. കുടുംബത്തിന് ഒരു മാസത്തെ ഭക്ഷ്യധാന്യം ലഭ്യമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

എ. പി. എൽ. കാർഡുടമകളുടെ അരിവിഹിതം

3169 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. കാർഡുടമകളുടെ അരി വിഹിതം ഉയർത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന് കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന അരി ഏത് പദ്ധതിപ്രകാരമാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>റേഷന്‍ കാര്‍ഡ് വിതരണം</u>

3170 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2010 വര്‍ഷം സംസ്ഥാനത്ത് എത്ര ലക്ഷം പേര്‍ക്ക് റേഷന്‍ കാര്‍ഡുകള്‍ നല്‍കി;

(ബി) 2011 വര്‍ഷം ഏപ്രില്‍ 31 വരെ എത്രപേര്‍ക്ക് റേഷന്‍കാര്‍ഡു നല്‍കി;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം ആഗസ്റ്റ് 31 വരെ എത്ര പേര്‍ക്ക് റേഷന്‍ കാര്‍ഡ് നല്‍കി;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം റേഷന്‍ കാര്‍ഡ് ലഭ്യമാക്കിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കുകള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അന്നപൂർണ്ണ - അന്ത്യയോജന പദ്ധതി പ്രകാരമുള്ള അരി വിതരണം</u>

3171 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ രണ്ട് രൂപാ നിരക്കിൽ നൽകിയിരുന്ന അരി എല്ലാ കുടുംബങ്ങൾക്കും ഒരു രൂപാ നിരക്കിൽ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ബാക്കിയുള്ള കുടുംബങ്ങൾക്ക് രണ്ട് രൂപാ നിരക്കിൽ എത്ര കി.ഗ്രാം അരിയാണ് ഇപ്പോൾ നൽകിവരുന്നത്;

(സി) അന്നപൂർണ - അന്ത്യയോജന പദ്ധതി പ്രകാരം ഒരു കുടുംബത്തിന് എത്ര കി. ഗ്രാം അരിയാണ് ഇപ്പോൾ നൽകുന്നത്; ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്;

(ഡി) എ. പി. എൽ. കാർഡുടമകൾക്ക് എത്രരൂപാ നിരക്കിലാണ് അരി വിതരണം നടത്തുന്നത്; മാസത്തിൽ എത്ര കിലോ ഗ്രാം അരിയാണ് നൽകുന്നത്?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>റേഷൻ സാധനങ്ങളുടെ വിതരണം</u>

3172 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ എന്തെല്ലാം സാധനങ്ങളാണ് നിലവിൽ വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്;

(ബി) ഒരു കുടുംബത്തിന് എത്ര യൂണിറ്റ് സാധനങ്ങളാണ് നൽകികൊണ്ടിരിക്കുന്നത് എന്ന് എ.പി.എൽ., ബി.പി എൽ. തരംതിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

പറമ്പിക്കുളം ആദിവാസി മേഖലയിൽ മൊബൈൽ മാവേലി സ്റ്റോർ

3173 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ആദിവാസി വിഭാഗങ്ങൾക്ക് റേഷൻ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ആദിവാസി മേഖലയിൽ ഒരു മൊബൈൽ മാവേലിസ്റ്റോർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ശബരി മാവേലി സ്റ്റോറുകളിലെ വിലനിലവാരം</u>

3174 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര റേഷൻ കടകളിൽ ശബരി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) മാവേലി സ്റ്റോറുകളിലും ശബരി സ്റ്റോറുകളിലും വിതരണം ചെയ്യുന്ന സബ്സിഡി നിരക്കിലുള്ള പലവ്യഞ്ജനങ്ങളുടെ വില വ്യത്യസ്തമാണോ;

(സി) എങ്കിൽ ഓരോ സാധനങ്ങൾക്കും എത്ര രൂപയുടെ വ്യത്യാസമാണ് പ്രസ്തുത സ്റ്റോറുകൾ ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) എ.ആർ.ഡി. ശബരി സ്റ്റോറിൽ പലപ്പോഴും സബ്സിഡി നിരക്കിലുള്ള തുവരപ്പരിപ്പ്, ഉഴുന്നുപരിപ്പ് എന്നിവ ലഭിക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിനുള്ള കാരണം എന്താണ് ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>എ.പി.എൽ കാർഡുടമകൾക്ക് സൗജന്യ നിരക്കിൽ അരി</u>

3175 ശ്രീ. വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ മുഖേന എ.പി.എൽ കാർഡുടമകൾക്ക് സൗജന്യ നിരക്കിൽ അരി ലഭ്യമാകുന്നതിന് രജിസ്റ്റർ ചെയ്യേണ്ടിയിരുന്ന അവസാന തീയതി എന്നായിരുന്നു;

(ബി) ഈ പദ്ധതിയിൽ മുൻപ് രജിസ്റ്റർ ചെയ്തതും എന്നാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തതുമായ റേഷൻ കാർഡുടമകൾക്ക് ഈ പദ്ധതി പ്രകാരം അരി ലഭ്യമാകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരക്കാർക്ക് പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് സമയം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പാചകവാതക വിതരണത്തിലെ കാലതാമസം</u>

3176 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പാചകവാതകം വിതരണം ചെയ്യുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണ്;

(ബി) ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുളള ഏജൻസികളിൽ ബുക്ക് ചെയ്ത ശേഷം പാചകവാതകം ലഭിക്കാൻ എത്ര ദിവസം വേണ്ടിവരുന്നുണ്ട്;

(സി) കണ്ണൂർ ജില്ലയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള ഏജൻസികൾ വഴി വിതരണം ചെയ്യുന്ന പാചകവാതകം ലഭിക്കാൻ 50 ദിവസത്തോളം കാലതാമസം വരുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം കൂടാതെ പാചകവാതകം ലഭ്യമാക്കാനുളള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പുതുക്കിയ ബി.പി.എൽ. പട്ടിക</u>

3177 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡിനുള്ള പട്ടിക എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(ബി) അതുപ്രകാരം എത്ര കാർഡുകൾ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്;

(സി) പുതുക്കിയ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പേർ അതിൽ ഉൾപ്പെടും;

(ഇ) കേന്ദ്ര മാനദണ്ഡ പ്രകാരമാണോ പ്രസ്തുത പട്ടിക തയ്യാറാക്കിയിട്ടുള്ളത്;

(എഫ്) കേന്ദ്ര മാനദണ്ഡ പ്രകാരം എത്ര പേർ നിലവിലുള്ള ബി.പി.എൽ. പട്ടികയിൽ നിന്ന് പുറത്താകും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

**റേഷൻ വ്യാപാരികൾ ഈടാക്കുന്ന അനധികൃത സർവ്വീസ് ചാർജ്ജ്**

3178 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. വിഭാഗക്കാർക്ക് ലഭിക്കുന്ന ഒരു രൂപയുടെ അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് റേഷൻ വ്യാപാരികൾ അനധികൃതമായി സർവ്വീസ് ചാർജ് ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം അനധികൃത സർവ്വീസ് ചാർജ് ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011–ലെ മറുപടിക്ക്

<u>അനധികൃത ബി.പി.എൽ/എ.എ.വൈ. റേഷൻ കാർഡുടമകൾ</u>

3179 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സംഘം ജീവനക്കാർ തുടങ്ങിയവർ അനധികൃതമായി ബി.പി.എൽ./എ.എ.വൈ റേഷൻ കാർഡുകൾ കൈവശപ്പെടുത്തിയതായിട്ടുള്ള മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപ്രകാരം അനധികൃത റേഷൻ കാർഡ് സമ്പാദിച്ചവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിന് അംഗീകാരം നൽകിയ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ;

(ഡി) ബി.പി.എൽ. പട്ടികയിൽ അർഹരായവരെ ഒഴിവാക്കിയത് പരിഹരിക്കാൻ എന്തെല്ലാം ഉത്തരവുകളാണ് നിലവിലുള്ളത്; പകർപ്പ് നൽകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കേന്ദ്ര അരിവിഹിതം

3180 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്തിന് 1,13,000 മെട്രിക് ടൺ അരി അനുവദിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാന വിഹിതം നേടിയെടുക്കാൻ എന്ത് നടപടി യാണ്
സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ബി.പി.എൽ. കുടുംബങ്ങളുടെ അംഗസംഖ്യ എത്ര യാണ് ;

(ഡി) അവർക്ക് ബി.പി.എൽ. കാർക്ക് നൽകുന്ന എല്ലാ കേന്ദ്ര ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീ കരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഓണക്കാലത്തെ അരിവിതരണം

3181 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് 2 രൂപാ നിരക്കിൽ എത്ര കുടുംബങ്ങൾക്ക് അരി നൽകി;

(ബി) ഈ ഓണക്കാലത്ത് 1 രൂപാ നിരക്കിൽ എത്ര കുടുംബങ്ങൾക്ക് അരി നൽകി?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

3182

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭൂമിയുടെ വില നിശ്ചയിക്കുന്നതിൽ ഭൂമിയിലേയ്ക്കുള്ള ഗതാഗത സൗകര്യം മാനദണ്ഡമാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

സബ് രജിസ്ട്രാറാഫീസുകളിലെ മൂല്യനിർണ്ണയ സമിതികൾ

3183 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ മൂല്യനിർണ്ണയം അശാസ്ത്രീയമായതുമൂലമുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമിവില പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിയുടെ മൂല്യനിർണ്ണയം സംബന്ധിച്ച അപാകതകൾ പരിഹരിക്കുവാൻ ഓരോ സബ് രജിസ്ട്രാർ ഓഫീസിന്റേയും പരിധിയിൽ ഒരു മൂല്യനിർണ്ണയ സമിതി രൂപീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവ്</u>

3184 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ വീട് വെക്കുന്നതിനു വേണ്ടി ഭൂമി വാങ്ങുമ്പോഴും കുടുംബസ്വത്ത് പങ്കിടുമ്പോഴും ഭാരിച്ച തുക ആധാരവിലയായും രജിസ്ട്രേഷൻ ഫീസായും നൽകേണ്ടി വരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തിരൂര്‍ - കാട്ടിപ്പരുത്തി വില്ലേജിലെ ഭൂമിയുടെ ന്യായവില</u>

3185 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരൂര്‍ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജില്‍ റീസര്‍വ്വേ നമ്പര്‍ 136/1-ല്‍ നിലവില്‍ സെന്റിന് 2000/- രൂപ വിലയുള്ള ഭൂമിക്ക് രണ്ട് ലക്ഷം രൂപയാണ് പുതുതായി മുഖവിലയായി നിശ്ചയിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തൊട്ടടുത്ത സര്‍വ്വെ നമ്പരില്‍പ്പെട്ട ഭൂമിയുടെ മുഖവില 2000/- രൂപയാണെന്നുള്ളതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകത അടിയന്തിരമായി മാറ്റാന്‍ ബന്ധപ്പെട്ടവര്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് മയ്യിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ</u>

3186 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മയ്യിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിക്കുന്നതിനുളള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ തുടങ്ങാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011–ലെ മറുപടിക്ക്

<u>കൂരാച്ചുണ്ട് രജിസ്ട്രാർ ഓഫീസ് കെട്ടിടം</u>

3187 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണം ആരംഭിക്കുന്ന തീയതി പ്രഖ്യാപിക്കുമോ ?